33183/2015

~~29138/2015/Fin~~

# കേരള സർക്കാർ

നം. 173/ബി2/2015/പാ.കാ.വ.

പാർലമെന്ററി കാര്യ (ബി) വകുപ്പ്,
തിരുവനന്തപുരം,
27-5-2015.

## സർക്കുലർ

*വിഷയം: പാർലമെന്ററി കാര്യ വകുപ്പ് - പൊതു പരിപാടികളിൽ ബന്ധപ്പെട്ട എം.പി.മാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നത് - സംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.*

*സൂചന: ഈ വകുപ്പിന്റെ 25-11-2014-ലെ 2112/ബി2/2012/പാ.കാ.വ. നമ്പർ സർക്കുലർ.*

പൊതു പരിപാടികളിലും ഉദ്ഘാടന വേളകളിലും രാജ്യസഭാ/ലോക്സഭ എം.പി.മാരെ പങ്കെടുപ്പിക്കണമെന്ന് സൂചന സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും പല വകുപ്പുകളും അത് പാലിക്കുന്നില്ലെന്ന് എം.പി.മാരുടെ യോഗത്തിൽ പരാതി ഉന്നയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രധാനപ്പെട്ട പൊതു പരിപാടികളിലും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടേയും സ്റ്റേറ്റ് സ്കീമുകളുടേയും ഉദ്ഘാടന വേളകളിലും എം.പി.മാർ അംഗങ്ങളായിട്ടുള്ള കമ്മിറ്റികളുടെ മീറ്റിംഗുകളിലും കേന്ദ്ര മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകളിലും ബന്ധപ്പെട്ട രാജ്യസഭാ/ലോക്സഭ എം.പി.മാരെ ക്ഷണിക്കേണ്ടതാണെന്നും പ്രോട്ടോക്കോൾ പ്രകാരം എം.പി.യ്ക്ക് ലഭിക്കേണ്ട സ്ഥാനവും പ്രാതിനിധ്യവും ഉറപ്പാക്കേണ്ടതാണെന്നും ഉള്ള സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും നിർബന്ധമായും പാലിക്കണമെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

സത്യജിത്ത് രാജൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ വകുപ്പു തലവൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
*(നിയമം/ധനകാര്യം ഉൾപ്പെടെ)*
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ വകുപ്പ്.
*(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

E
12/06/15 SAA Admin
29/6/15 ACF (GES)
PCA1
10/6 HoFF
29/6/15 ACF (FMIS)
1/2/6 Sr. A.O.
30/6/15

മേലെഴുത്ത് നമ്പർ ഇ6. 29138/2015 തിയതി 27.06.15

പകർപ്പ് അനന്തരനടപടികൾക്കായി

എല്ലാ PCCF/APCCF/CCF/CF/DFO/ACF/WLW മാർക്കും

അയയ്ക്കുന്നു.

29/6/15

അഡി.പി.സി.സി.എഫ്

(ഭരണം)ക്ക് വേണ്ടി